**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള 346**

**ഡിസംബർ 5, 2024 വ്യാഴം**

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# നമ്മുടെ ജീവിതത്തിന്റെ റോഡ് മാപ്പ് നിശ്ചിതമോ?

## IS OUR LIFE'S ROADMAP FIXED?



പ്രഫസർ അനിൽകുമാർ കാമരാജു, അവിടുത്തെ സന്ദേശങ്ങളും ദൗത്യവും പ്രചരിപ്പിക്കുന്നതിനായി, ഭഗവാനാൽ തെരഞ്ഞെടുക്കപ്പെട്ടയാളാണ്. അദ്ദേഹം ഇന്ത്യയിലും വിദേശത്തും ധാരാളം യാത്രകൾ ചെയ്യുകയും സ്വാമിയുടെ ദിവ്യ പ്രഭാഷണങ്ങളുടെയും ഭഗവാനുമായുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ഇടപഴകലിന്റെയും അടിസ്ഥാനത്തിൽ, എണ്ണമറ്റ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും സംശയനിവാരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പ്രധാനമായി, ഉള്ളിലെ സായിയുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന് പ്രഫസർ അനിൽകുമാർ നമുക്ക് ഫലപ്രദമായ മാർഗനിർദ്ദേശം തരുന്നു.

**Q: സർ, നമ്മൾ ഈ ലോകത്തേക്ക് വരുന്നത് മൂന്ന് നിറസഞ്ചികളുമായാണ്: ഒന്ന് പ്രാരബ്ധം, രണ്ടാമത്തേത് ആഗമികം, മൂന്നാമത്തേത് സഞ്ചിതം. നമ്മുടെ ജീവിതയാത്രയുടെ റോഡ്മാപ്പിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നതാണ് ഇവ. അപ്പോൾ, നമ്മുടെ സ്വന്തം പ്രയത്നത്തിന് പങ്കെന്താണ്?**

**പ്രഫ. അനിൽകുമാർ:** താങ്കൾക്ക് നന്ദി, സർ. ഇന്നു കാലത്തെ സത്സംഗത്തിന്റെ ഓപ്പണിംഗ് ബാറ്റ്സ്മാൻ അങ്ങാണ്! അങ്ങ് പരാമർശിച്ചതുപോലെ, മൂന്ന് സംസ്കൃത പദങ്ങളുണ്ട്. ആദ്യത്തേതായ പ്രാരബ്ധം, കഴിഞ്ഞകാലത്തെ സൂചിപ്പിക്കുന്നതാണ്. രണ്ടാമത്തേ



തായ സഞ്ചിതം, വർത്തമാനകാലവുമായി ബന്ധപ്പെട്ടതാണ്. മൂന്നാമത്തേതായ ആഗമി, ഭാവിക്കായി നിലകൊള്ളുന്നു. അങ്ങനെ, പ്രാരബ്ധകർമ്മമുണ്ട്, സഞ്ചിത കർമ്മമുണ്ട്, ആഗമി കർമ്മമുണ്ട്, ഇത് അർത്ഥമാക്കുന്നത് ഭൂത, വർത്തമാന, ഭാവി കർമ്മങ്ങൾ എന്നാണ്.

ചോദ്യം ഇതാണ്: നമ്മുടെ ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ(thoughts, words and deeds) ഇവയുടെ ഒഴിവാക്കാനാവാത്ത ഫലങ്ങളായ ഈ മൂന്നു കർമ്മങ്ങൾ നിശ്ചിതമാണ്, അപ്പോൾ, നമ്മുടെ സ്ഥാനം അതിലെന്താണ്? ഞാൻ പറയുന്നത് ശരിയാണല്ലോ സർ? താങ്കളുടെ ചോദ്യം ഞാൻ വ്യക്തമാക്കിയിട്ടില്ല എങ്കിൽ താങ്കൾക്കെന്നെ തിരുത്താം.




റോഡ് മാപ്പ് നിശ്ചിതമാണ്- അങ്ങ് ഇതാണ് പറയുന്നത്. നല്ലത്. പ്രാരബ്ധം, കഴിഞ്ഞകാലം, ഇന്നിന്റെ, വർത്തമാനത്തിന്റെ അടിസ്ഥാനമാകുന്നു, ഇന്ന് നാളെയുടെ അടിത്തറയാകുന്നു. ആ അർത്ഥത്തിൽ മൂന്നും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഭൂതകാലം നിമിത്തമായി ഭാവി ഉറപ്പിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞകാല കർമ്മങ്ങളുടെ ഫലം അഥവാ പരിണതികൾ ഞാൻ അനുഭവിച്ചേ മതിയാകൂ. താങ്കൾ പറഞ്ഞതു പോലെ, റോഡ് മാപ്പ് നിശ്ചിതമാണ്. തന്നെയുമല്ല, ഇന്ന് ഞാൻ എന്തുതന്നെ ചെയ്താലും, അതിന്റെ ഫലം ലഭിക്കുക ഭാവിയിലാവും. ഇവിടെയും റോഡ് മാപ്പ് നിശ്ചിതമാണ്.

അപ്പോൾ, എന്താണാ റോഡ്? എന്താണാ മാപ്പ്? ആ മാപ്പ് എങ്ങനെ നാം ഇളക്കും? അത് ഉറപ്പിച്ചിരിക്കുകയാണെങ്കിൽ, എന്താണ് പോംവഴി?



എന്റെ സുഹൃത്തുക്കളേ, മനുഷ്യജീവികളെന്ന നിലയ്ക്ക് ഈശ്വരൻ നമുക്ക് സ്വാതന്ത്ര്യത്തിന് ഒരു ഇളവ് അനുവദിച്ചിട്ടുണ്ട്. മൃഗങ്ങൾക്ക് അവയുടെ റോഡ് മാപ്പിൽനിന്ന് രക്ഷപ്പെടാനോ അത് മാറ്റാനോ ആവില്ല. ഒരു കടുവയുടെ ഉദാഹരണം തരുന്നു ബാബ. മാംസഭക്ഷണം ഇഷ്ടമുള്ള ഒരു കടുവയെ ഇഡ്ഡലിയും സാമ്പാറും തീറ്റാനാവില്ല. അസാദ്ധ്യം! കടുവയുടെ റോഡ് മാപ്പ് നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്; അതിന് അതിന്റേതായ പ്രകൃതം ഉണ്ട്. ഒരു നായയ്ക്ക് അതിന്റേതായ പ്രകൃതം ഉണ്ട്. ഒരു വൃക്ഷത്തിന് അതിന്റേതായ പ്രകൃതം ഉണ്ട്. ധാതു, സസ്യ, ജന്തു ലോകങ്ങളിൽ റോഡ് മാപ്പ് നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്.



മാനവസമൂഹത്തിനും ഇങ്ങനെ തന്നെയാണ്. എന്നിരുന്നാലും, നമുക്ക് നടപ്പാക്കാൻ സാധിക്കുന്ന ഒരു മാർഗമുണ്ട്. ബാബ തന്ന ഒരു ഉദാഹരണമാണിത്. നമുക്ക് നമ്മുടെ വരുമാനത്തിന്മേൽ നികുതി കൊടുക്കേണ്ടിവരുന്നു. ഒരു പക്ഷേ എനിക്ക് അമ്പതിനായിരം രൂപാ നികുതി നൽകാനുണ്ടാവാം, പക്ഷേ അ| ത് ഒടുക്കാതിരിക്കാനാണ് എനിക്കിഷ്ടം. വരുമാനം മാത്രം മതിയെനിക്ക്! ഇത് എല്ലാവരുടെയും സാധാരണ തോന്നലാണ്.




എന്നാൽ വരുമാന നികുതി ഒടുക്കാതെ ഒഴിവാകുന്നത് ഒരു കുറ്റമാണ്. അപ്പോൾ, നിയമപരമായി എനിക്കെങ്ങനെ അതു ചെയ്യാൻ പറ്റും? വരുമാന നികുതി ഉദ്യോഗസ്ഥർ വളരെ കർക്കശക്കാരാണ്-ജില്ലാ കളക്ടർ പോലും ആദ്യം അദ്ദേഹത്തിന്റെ നികുതി ഒടുക്കണം, പിന്നെവേണം അപ്പീൽ പോകാൻ. അപ്പോൾ, അമ്പതിനായിരം രൂപാ നികുതി നൽകാതിരിക്കാനുള്ള നിയമപരമായ മാർഗങ്ങൾ എന്തൊക്കെയാണ്?

ശരി, എനിക്ക് മാർഗനിർദ്ദേശം നൽകുന്നതിനായി ചാർട്ടേഡ് അക്കൗണ്ടന്റുമാരുണ്ട്! അപ്പോൾ, ഞാനൊരു ചാർട്ടേഡ് അക്കൗണ്ടന്റിനെ സഹായത്തിനായി സമീപിക്കുന്നു, ഞാൻ അദ്ദേഹത്തിന് ഒരു ഫീസ് നൽകുന്നു. അദ്ദേഹം പറയും, ''സർ, കേന്ദ്ര സർക്കാരിന് നൽകുന്ന അനുയോജ്യമായ ഏതെങ്കിലും പ്രീമിയത്തിന്റെ അടിസ്ഥാന ത്തിൽ, ആകെ ഒടുക്കേണ്ട വരുമാന നികുതിമേൽ നമുക്ക് ചില ഇളവുകൾ ക്ലെയിം ചെയ്യാനാവും. താങ്കൾ പതിവായി ലൈഫ് ഇൻഷുറൻസ് പ്രീമിയം അടയ്ക്കാ റുണ്ടോ?''




''ഉണ്ട്, തീർച്ചയായും!''

''ആഹാ! തുക പറയൂ.. അമ്പതിനായിരം രൂപാ വരുമാന നികുതിയിൽ നിന്നും അയ്യായിരം രൂപാ കുറയ്ക്കാനാ വും.''

എന്നിട്ട് ആ ഓഡിറ്റർ ചോദിക്കും, ''താങ്കൾക്ക് ഒരു വീട് സ്വന്തമായിട്ടുണ്ടല്ലോ, നല്ല വീട്. താങ്കൾക്കിത് എങ്ങനെ സാധിച്ചു?''

''സർ, ഞാൻ സർക്കാരിൽനിന്നും ബാങ്കിൽനിന്നും വലി യൊരു തുക ലോണെടുത്തിട്ടുണ്ട്.''

''ഓ അങ്ങനെ വരട്ടെ.. അതിന് പതിനായിരം രൂപാ ഇളവു കിട്ടും.''

''താങ്കൾക്ക് എത്ര കുട്ടികളാണുള്ളത്?''

''ഒത്തിരി..''

മറ്റൊരു ഇളവ്!

''താങ്കൾക്ക് കാറോ അങ്ങനെ വല്ലതും ഉണ്ടോ?''

''ആഹാ! അയ്യായിരം രൂപാ അതിന് ഇളവുണ്ട്.''

അങ്ങനെ, അമ്പതിനായിരം രൂപാ എന്നത് പതിനയ്യായിരമോ ഇരുപതിനായിരമോ മാത്രമായി കുറയ്ക്കാൻ പറ്റും.

ഇനി, ഇതെങ്ങനെയാണ് നിയമപരമാവുന്നത്? ഇത് നിയമപരമാണ് എന്തെന്നാൽ




ഇത് നികുതി വെട്ടിപ്പല്ല. നിങ്ങൾ നികുതി വെട്ടിക്കുന്നില്ല. ഇല്ലില്ല. ഇതൊരു ടാക്സ് ഇളവാണ്. ടാക്സ് ഇളവ് നിയമപരമാണ്. നികുതി ഒടുക്കാതിരിക്കൽ ക്രിമിനൽ കുറ്റമാണ്. എന്തൊക്കെയായാലും നികുതിയെന്നത് നികുതിയാണ്.

ഇതുപോലെ, പോയ കാലത്ത് ചെയ്ത പ്രവൃത്തി എന്തുതന്നെ ആയിരുന്നാലും, അതിന്റെ അനന്തരഫലം ഇന്ന് അനുഭവിച്ചേ മതിയാകൂ. റോഡ് മാപ്പ് നിശ്ചിതമാണ്. നമ്മുടെ പ്രാരബ്ധം എന്നത് കഴിഞ്ഞ കാലത്തിൽ നിന്നുള്ള വരുമാനമാണ്, നമ്മുടെ സഞ്ചിതം എന്നത് ഇന്ന് ഒടുക്കേണ്ടി വരുന്ന നികുതിയാണ്. ഇനി, ഞാൻ ഒടുക്കാൻ തയ്യാറാണ് പക്ഷേ, ഒടുക്കൽ വളരെ ബുദ്ധിമുട്ടുള്ളതാവാം. അപ്പോൾ ഞാനെന്തു ചെയ്യും?







ഞാനൊരു ചാർട്ടേഡ് അക്കൗണ്ടന്റിനെ, ഭഗവത്ഗീതയെ, സമീപിക്കുന്നു; അഥവാ ഞാൻ മാർഗനിർദ്ദേശത്തിനായി എനിക്കിഷ്ടമുള്ള ഒരു പുണ്യഗ്രന്ഥം വായിക്കുന്നു, ഒരുവേള സുന്ദരകാണ്ഡം ആവാം; അല്ലെങ്കിൽ ഞാൻ ഒരു ഗുരുവിനെ സമീപിക്കാം. ഗുരു എന്നോട് എന്തെങ്കിലും സേവ ചെയ്യുന്നതിന് ആവശ്യപ്പെട്ടേക്കാം, എനിക്ക് ചില നികുതി ഇളവ് ക്ലെയിം ചെയ്യത്തക്കവിധം.

"ഞായറാഴ്ച സേവയ്ക്ക് പോവുക, സേവാ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക, ദാനകർമ്മങ്ങൾ ചെയ്യുക, പാവങ്ങൾക്ക് അന്നദാനം നടത്തുക, അശരണരെ സഹാ

യിക്കുക. ഈ സേവാപ്രവൃത്തികളിലൂടെ നിങ്ങൾക്ക് 10% വരുമാന നികുതിയിളവ് ലഭിക്കുന്നതാണ്!''

''ഓ കൊള്ളാം! പക്ഷേ ഇനിയും, ഒത്തിരി ബാധ്യത അവശേഷിക്കുന്നു. സർ,




ഇനിയും എന്തു ചെയ്യാൻ കഴിയുമെനിക്ക്?''

''ഓ അങ്ങനെയോ! പതിവായി ഭജനയിൽ പങ്കെടുക്കുക, ഈശ്വരനിൽ മാത്രം ശ്രദ്ധിക്കുക, ടാക്സിലല്ല. അവിടുന്നിനെ ആരാധിക്കുമ്പോൾ ആ മഹിമ കീർത്തിക്കുക..10% ഇളവ്. അല്ലെങ്കിൽ ധ്യാനം പരിശീലിക്കുക.. 5% ഇളവ്.''

പ്രാരബ്ധം, പോയ കാല കർമ്മം, ആദ്ധ്യാത്മികചര്യകൾ വഴി കുറയ്ക്കാനാകും. ഈ രീതിയിൽ കുറച്ചൊക്കെ നികുതിയിളവ് കിട്ടും. അതെ, അത് ഒഴിവാക്കാനാവും. അത് നിയമപരമാണ്. അപ്പോൾ, നാം എന്തുതന്നെ ചെയ്താലും-ധ്യാനം, പൂജ, പുണ്യ ഗ്രന്ഥ പാരായണം അഥവാ സേവാപ്രവൃത്തികൾ-ഒടുക്കേണ്ട മൊത്തം വരുമാന നികുതിയിൽ, സഞ്ചിത കർമ്മത്തിൽ, ചില ഇളവുകൾ കിട്ടും. ബാബ തന്നെ നൽകിയ ഉദാഹരണമാണിത്.

മറ്റൊരു പോയന്റ് ഇതാണ്: ഈശ്വരനോട് പ്രാർത്ഥിക്കുന്നതിലൂടെ നമുക്ക് നമ്മുടെ പ്രാരബ്ധം, കഴിഞ്ഞകാല കർമ്മം, നേരിടാനുള്ള ധൈര്യവും ബലവും കൈവരും.

പ്രാരബ്ധം സന്തോഷപൂർവം സഹിക്കാനുള്ള ഒരു മാർഗം ഈശ്വരചിന്തയും ആത്മീയജീവിതവുമാണ്. പ്രാരബ്ധം അനുഭവിക്കും, പക്ഷേ ഭാരം കുറവായിരിക്കും. എന്റെ പോയകാല കർമ്മങ്ങളുടെ ഫലം ഞാൻ ഇപ്പോൾ അനുഭവിക്കണമെന്നുണ്ടെങ്കിൽ ആയിക്കോട്ടെ, അപ്പോഴും എന്റെ ഈശ്വരപ്രാർത്ഥന കൊണ്ടും, ധ്യാനം കൊണ്ടും, സഹജീവികൾക്കു ചെയ്യുന്ന സേവ കൊണ്ടും ഞാൻ സന്തോഷവാനാവും. നിരവധി ആദ്ധ്യാത്മിക പരിപാടികളിൽ സജീവമായിക്കൊണ്ട് എന്റെ പ്രാരബ്ധം ഇല്ലാതാക്കുന്നതിന് ഞാൻ ശ്രമിക്കുന്നതിനാൽ, സഞ്ചിതം കുറവായിരിക്കും. അല്ലായിരുന്നുവെങ്കിൽ, സഞ്ചിതം ഇതിലും വളരെക്കൂടുതലായിരുന്നേനേ, അത് പ്രാരബ്ധത്തിനു പുറമേ ഉണ്ടാവും.




പ്രാരബ്ധം, സഞ്ചിതം, ആഗമി ഇവ ഒഴിവാകുന്നവയല്ല. ഇതിന്റെ ആദ്ധ്യാത്മിക വിശദീകരണമെന്നത്, നാം അവയുടെ പ്രഭാവം അനുഭവിച്ചേ മതിയാകൂ എന്തെന്നാൽ, നമ്മുടെതന്നെ പ്രവൃത്തിയാണ് അവയുടെ കാരണം എന്നതാണ്. ശരിയാണ്! പക്ഷേ എന്റെ സുഹൃത്തുക്കളേ, അത്യുന്നത തലത്തിൽ, ഇതൊന്നും ബാധകമല്ല.

ആസ്ട്രേലിയയ്ക്കെതിരായി ഇന്ത്യയ്ക്കുവേണ്ടി കളിക്കുന്ന ക്രിക്കറ്റ് കളിക്കാരെപ്പോലെയാണിത്. കളി ജയിക്കുകയാണെങ്കിൽ അവരോരോരുത്തർക്കും ഏകദേശം 25 ലക്ഷം രൂപാ വീതം അഥവാ ഒരു കോടി രൂപാ വീതം അല്ലെങ്കിൽ അങ്ങനെയെന്തോ ലഭിക്കും. നികുതിരഹിതമായി! സർക്കാരാണത് ഏർപ്പാടു ചെയ്തിരിക്കുന്നത്!



നമ്മുടെ ക്രഡിറ്റിൽ ധാരാളം പ്രാരബ്ധം, സഞ്ചിതം, ആഗമി ഇവയുള്ളപ്പോഴും, റോഡ് മാപ്പ് സുനിശ്ചിതമാണെങ്കിൽപ്പോലും, നമ്മുടെ ജീവിതം ആദ്ധ്യാത്മികമാകുന്നതുവഴി, ഇതെല്ലാം മനസ്സിന്റെ കളിയാണെന്ന് നാം അറിയാനിടവരും.

ഈശ്വരകൃപയാലും തീവ്രസാധനയാലും ഞാൻ മനസ്സിന് അതീതനായി വളരുന്നു എന്നിരിക്കട്ടെ. പണമെല്ലാം കിട്ടി പക്ഷേ അതിന്മേൽ നികുതിയൊന്നും ഒടുക്കേണ്ടതില്ലാത്ത ക്രിക്കറ്റ് കളിക്കാരന്റേതുപോലെയാണാ അവസ്ഥ! അതേപോലെ, ഞാൻ മന




സ്സിന് അതീതനായി അമനസ്കാവസ്ഥ(no-mind state)യിലേക്ക് വളരുമ്പോൾ, എനിക്ക് ആഗമി, സഞ്ചിതം മുതലായി ഒന്നും നൽകേണ്ടതായി വരില്ല. എന്നാൽ




മനസ്സ് നിലനിൽക്കുവോളം, അതിന് അസ്തിത്വമുള്ളിടത്തോളം, നമുക്ക് അതിൽനിന്ന് രക്ഷപ്പെടാനാവില്ല.

ധ്യാനത്തിലൂടെ നിങ്ങൾ മനസ്സിനപ്പുറം വളരുന്നു. അതിനാലാണ് അത് ഓരോരുത്തർക്കും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പക്ഷേ നമുക്ക് ധ്യാനത്തെക്കുറിച്ച് ശരിയായ ധാരണയില്ല. ഞാനിത് അസംഖ്യം തവണ പറഞ്ഞിട്ടുണ്ട്. സായി സാഹിത്യത്തെ അടിസ്ഥാനമാക്കി എന്റെ മറുപടി ഞാൻ ഒരൊറ്റ വാക്യത്തിലൊതുക്കാം, ആവർത്തനമില്ലാതെ. എന്താണത്? **ധ്യാനം എന്നത് അമനസ്കമായ, ചിന്താശൂന്യമായ അവസ്ഥ(no-mind, thoughtless State)**യാകുന്നു.




പ്രഫസർ അനിൽകുമാർ കൂടുതൽ പ്രചോദനാത്മക ദൃഷ്ടാന്തങ്ങൾ അടുത്ത ലക്കത്തിൽ നമുക്ക് തരുന്നതാണ്.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (*Seeking Within* പേജ് 70–75)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)